**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1290** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>മഴക്കെടുതിയിലെ നാശനഷ്ടം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സജി ചെറിയാൻ ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് കാലവർഷക്കെടുതിയിലും വെള്ളപ്പൊക്കത്തിലും ഉണ്ടായ നാശനഷ്ടങ്ങൾ ജില്ലാടിസ്ഥാനത്തിൽ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് കാലവർഷക്കെടുതിയിലും വെള്ളപ്പൊക്കത്തിലും ഉണ്ടായ നാശനഷ്ടങ്ങൾ ജില്ലാടിസ്ഥാനത്തിൽ കണക്കാക്കിയിട്ടുണ്ട്. വിശദാംശം “അനുബന്ധം എ” യിൽ ചേർത്തിട്ടുണ്ട്.

**(ബി)** പ്രസ്തുത പട്ടികയിൽ ഉൾപ്പെടുന്ന വീടുകളും ജീവനോപാധികളും നഷ്ടപ്പെട്ടവർക്കും കൃഷിനാശം സംഭവിച്ചവർക്കും നൽകിയ നഷ്ടപരിഹാരത്തിന്റെ വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** വീടുകളും ജീവനോപാധികളും നഷ്ടപ്പെട്ടവർക്കും കൃഷിനാശം സംഭവിച്ചവർക്കും നൽകിയ നഷ്ടപരിഹാരത്തിന്റ വിശദാംശം “അനുബന്ധം ബി” യിൽ ചേർത്തിട്ടുണ്ട്.

**(സി)** എത്ര പേർക്കാണ് ധനസഹായം നൽകാൻ അവശേഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ധനസഹായം നൽകാൻ അവശേഷിക്കുന്നവരുടെ വിശദാംശം “ അനുബന്ധം സി “യിൽ ചേർത്തിട്ടുണ്ട്.

**(ഡി)** ഇവർക്ക് ധനസഹായം നൽകുന്നതിലെ കാലതാമസം പരിഹരിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** ധനസഹായം നൽകുന്നതിലെ കാലതാമസം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം “അനുബന്ധം ഡി” യിൽ ചേർത്തിട്ടുണ്ട്.

**(ഇ)** അനർഹരായവരുടെ പേരുകൾ പട്ടികയിൽനിന്ന് നീക്കം ചെയ്യുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള പരിശോധനാ സംവിധാനം എന്താണെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** അനർഹരായവരുടെ പേരുകൾ പട്ടികയിൽ ഉൾപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(എഫ്)** അർഹതയുള്ളവരെ ഒഴിവാക്കി അനർഹരെ പട്ടികയിൽ ഉൾപ്പെടുത്തിയതായി ആരോപണമുള്ള ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

**<u>മറുപടി:</u>** അനർഹരായവരുടെ പേരുകൾ പട്ടികയിൽ ഉൾപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല

**സെക്ഷൻ ഓഫീസർ**

## അനുബന്ധം - (എ)

| ക്രമ നം. | ജില്ല | വിശദാംശം |
|---|---|---|
| 1 | തിരുവനന്തപുരം | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ കാലവർഷക്കെടുതിയിലും വെള്ളപ്പൊക്കത്തിലും ആകെ 216 വീട്ടുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുള്ളതാണ്. കൂടാതെ 495 പേരുടെ കൃഷിക്ക് നാശനഷ്ടം സംഭവിച്ചിട്ടുള്ളതും ആകെ 25,26,193 രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുള്ളതുമാണ്. KSEB കാട്ടാക്കട സർക്കിളിനു കീഴിൽ 203 LT പോസ്റ്റുകൾക്കും 22 HT പോസ്റ്റുകൾക്കും Conductor Snapping നും ഉണ്ടായ നാശനഷ്ടം മൂലം ആകെ 27,33,732 രൂപയുടെ നാശനഷ്ടവും KSEB തിരുവനന്തപുരം സർക്കിളിനു കീഴിൽ 76 പോസ്റ്റുകൾക്കും 276 ലൈനുകൾക്കും 5 ട്രൻസ്ഫോർമറുകൾക്കും ഉണ്ടായ നാശനഷ്ടം മൂലം ആകെ 26,67,626 (ഇരുപത്തിയാറ് ലക്ഷത്തി അറുപത്തിഏഴായിരത്തി അറുന്നൂറ്റി ഇരുപത്തി ആറ് രൂപ മാത്രം) രൂപയുടെ നാശനഷ്ടവും ഉണ്ടായിട്ടുണ്ട്. |
| 2 | കൊല്ലം | നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഉണ്ടായ മഴക്കെടുതികളിലായി ജില്ലയിൽ ആകെ 245 വീടുകൾക്ക് നാശനഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട് |
| 3 | പത്തനംതിട്ട | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാലവർഷക്കെടുതിയിലും വെള്ളപ്പൊക്കത്തിലുമായി ജില്ലയിൽ 16,57,57,728/- രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളതാണ്. ജില്ലയിൽ കാലവർഷക്കെടുതിമൂലം 2 വീടുകൾ പൂർണ്ണമായും 118 വീടുകൾ ഭാഗീകമായും നാശനഷ്ടം സംഭവിച്ചതുമൂലം 64,80,000/- രൂപയുടെ നാശനഷ്ടവും കൃഷി നാശം സംഭവിച്ചതു മൂലം കാർഷീക മേഖലയ്ക്ക് 13 കോടി രൂപയുടെയും മൃഗസംരക്ഷണ മേഖലയ്ക്ക് 29,83,100/- രൂപയുടെയും വൈദ്യുത വിതരണമേഖലയ്ക്ക് 72,94,628/- രൂപയുടെയും പൊതുമരാമത്ത് വകുപ്പിന് 1,90,00,000/- രൂപയും ഉൾപ്പെടെ ആകെ ജില്ലയിൽ 16,57,57,728/- (പതിനാറ് കോടി അൻപത്തിഏഴ് ലക്ഷത്തി അൻപത്തിഏഴായിരത്തി എഴുന്നൂറ്റി ഇരുപത്തി എട്ട് രൂപ മാത്രം)രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളതാണ്. |
| 4 | ആലപ്പുഴ | നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രകൃതിക്ഷോഭത്തിൽ ആലപ്പുഴ ജില്ലയിലുണ്ടായ ഭവനനാശം 663 എണ്ണമാണ് |
| 5 | കോട്ടയം | 2026 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ കോട്ടയം ജില്ലയിൽ കാലവർഷക്കെടുതിയിലും വെള്ളപ്പൊക്കത്തിലും വിവിധ മേഖലകളിലായി 241.5706/- കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. |
| 6 | ഇടുക്കി | ജില്ലയിൽ 68 വില്ലേജുകളിൽ 28 വില്ലേജുകളെ മഴക്കെടുതി ബാധിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | | പൂർണമായി നഷ്ടപ്പെട്ട വീടുകൾ 15.<br>ഭാഗികമായി നഷ്ടപ്പെട്ട വീടുകൾ 80 വെള്ളംകയറിയ വീടുകൾ 278.<br>ബാധിക്കപ്പെട്ട പഞ്ചായത്തുകളുടെ എണ്ണം 25, ബാധിക്കപ്പെട്ട പഞ്ചായത്ത് റോഡുകളുടെ എണ്ണം 109, ജില്ലയിൽ നാശനഷ്ടം നേരിട്ട പൊതുമരാമത്ത് റോഡുകളുടെ എണ്ണം 47, ജില്ലയിൽ നാശനഷ്ടം നേരിട്ട കൃഷി സ്ഥലങ്ങളുടെ വിവരങ്ങൾ 136.35 ഹെക്ടർ, ബാധിക്കപ്പെട്ട കർഷകരുടെ എണ്ണം 1359. |
| 7 | എറണാകുളം | പിറവം മുനിസിപ്പാലിറ്റിയിലെ പാഴൂർ ആറ്റുതീരം പാർക്ക് റോഡ് മഴയിൽ ഇടിഞ്ഞ് താഴ്ന്നിട്ടുള്ളതാണ്. |
| 8 | തൃശ്ശൂർ | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാലവർഷ കെടുതിയിലും വെള്ളപ്പൊക്കത്തിലും 313 വീടുകൾക്കാണ് നാശനഷ്ടം സംഭവിച്ചിട്ടുള്ളത്. |
| 9 | പാലക്കാട് | ഭവനനാശം: കാലവർഷക്കെടുതിയിൽ ഉണ്ടായ ഭവനനാശം 407 (ഭാഗിക ഭവനനാശം – 311, പൂർണ്ണ ഭവനനാശം – 96).<br><br>കൃഷിനാശം: പാലക്കാട് ജില്ലയിൽ 356.72 ഹെക്ടർ സ്ഥലത്ത് 2812 കർഷകർക്ക് 1625.39 ലക്ഷം രൂപയുടെ കൃഷിനാശം സംഭവിച്ചതായി പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ പ്രഥമദൃഷ്ട്യാ (FIR) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 10 | മലപ്പുറം | കാലവർഷക്കെടുതിയിൽ ഉണ്ടായ ഭവന നാശം-353 (ഭാഗിക ഭവന നാശം-351, പൂർണ്ണ ഭവന നാശം-2)<br><br>716 കർഷകർക്ക് 157 ഹെക്ടർ കൃഷി നാശം സംഭവിച്ചിട്ടുണ്ട്. |
| 11 | കോഴിക്കോട് | പ്രസ്തുത കാലയളവിൽ ഈ ജില്ലയിലുണ്ടായ കാലവർഷക്കെടുതിയിലും വെള്ളപ്പൊക്കത്തിലും 784 ഹൗസ് ഡാമേജ് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് |
| 12 | വയനാട് | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാലവർഷ കെടുതിയിലും വെള്ള പൊക്കത്തിലും 258 വീടുകൾക്കാണ് നാശനഷ്ടം സംഭവിച്ചിട്ടുള്ളത്. |
| 13 | കണ്ണൂർ | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാലവർഷ കെടുതിയിലും വെള്ള പൊക്കത്തിലും 770 വീടുകൾക്കാണ് നാശനഷ്ടം സംഭവിച്ചിട്ടുള്ളത്. |
| 14 | കാസർഗോഡ് | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാലവർഷ കെടുതിയിലും വെള്ള പൊക്കത്തിലും 1078 വീടുകൾക്കാണ് നാശനഷ്ടം സംഭവിച്ചിട്ടുള്ളത്. |

# അനുബന്ധം - (ബി)

| ക്രമ നം. | ജില്ല | വിശദാംശം |
| --- | --- | --- |
| 1 | തിരുവനന്തപുരം | വീട്ടുകളും ജീവനോപാധികളും നഷ്ടപ്പെട്ടവർക്കും കൃഷിനാശം സംഭവിച്ചവർക്കും ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ ലാൻഡ് റവന്യൂ പോർട്ടൽ മുഖേന സ്വീകരിച്ചു വരുന്നു. |
| 2 | കൊല്ലം | ധനസഹായം അനുവദിച്ചിട്ടില്ല. |
| 3 | പത്തനംതിട്ട | നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് വീട് വൃത്തിയാക്കുന്നതിനുള്ള ധനസഹായമായി റേഷൻ കാർഡ് ഒന്നിന് 10,000/- വീതം 19,735 കുടുംബങ്ങൾക്ക് 19,73,50,000/- രൂപ ധനനസഹായം അനുവദിച്ചിട്ടുള്ളതും പ്രളയജലം കയറി നാശനഷ്ടം സംഭവിച്ച സൂക്ഷ്മ, ചെറുകിട, ഇടത്തരം വാണിജ്യ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും അംഗീകൃത ഹോംസ്റ്റേകൾക്കും അടിയന്തര സഹായമായി 10,000/- രൂപ വീതം 288 ഗുണഭോക്താക്കൾക്ക് 28,80,000/-രൂപയും അനുവദിച്ചിട്ടുള്ളതാണ്. |
| 4 | ആലപ്പുഴ | പ്രളയജലം കയറി നാശം സംഭവിച്ച വീട്ടുകൾ വൃത്തിയാക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച 10000/- രൂപയിൽ 37552 പേർക്ക് 5000/- രൂപവീതം SDRF ൽ നിന്ന് വിതരണം ചെയ്തിട്ടുള്ളതും ആയതിന്റെ ആകെ തുക 18,77,60,000/-രൂപയും, 35775 ഗുണഭോക്താക്കൾക്ക് CMDRF തുകയായ 5000/- രൂപവീതം വിതരണം ചെയ്തതിൻ്റെ ആകെ തുക 17,88,75,000/- രൂപയുമാണ് ജില്ലാ കളക്ടേറ്റ് മുഖേന 26/09/2026 വരെ വിതരണം ചെയ്തിട്ടുള്ളതാണ്. 24/09/2026 ലെ സർക്കാർഉത്തരവ് നമ്പർ 387/2026/DMD പ്രകാരം ടി ധനസഹായവിതരണം താലൂക്ക് തലത്തിലേക്ക് മാറ്റിയിട്ടുള്ളതും അപ്രകാരം താലൂക്കുകൾ മുഖേന 26.09.2026 ന് ശേഷം വിതരണം ചെയ്തതുൾപ്പടെ SDRF ഫണ്ട് 5000/-രൂപ വീതം ആകെ 49417 ഗുണഭോക്താക്കൾക്ക് നാളിതുവരെ വിതരണം ചെയ്തിട്ടുള്ളതാണ്. |
| 5 | കോട്ടയം | കോട്ടയം ജില്ലയിൽ 5 പേർ കാലവർഷക്കെടുതിയിൽ മരണപ്പെടുകയും ആയവരുടെ സംസ്കാര ചടങ്ങുകൾക്കായി 10,000/- രൂപ വീതം അനുവദിച്ച് നൽകിയിട്ടുള്ളതാണ്. കൂടാതെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് SDRF ഫണ്ടിൽ നിന്നും 4,00,000/- രൂപ വീതം അനുവദിച്ച് നൽകിയിട്ടുള്ളതാണ്. |
| 6 | ഇടുക്കി | നടപടി സ്വീകരിച്ചു വരുന്നു. |
| 7 | എറണാകുളം | ബാധകമല്ല |
| 8 | തൃശ്ശൂർ | തൃശ്ശൂർ ജില്ലയിൽ പ്രകൃതി ക്ഷോഭം മൂലം നാശനഷ്ടം സംഭവിച്ച 313 വീടുകൾക്ക് ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 9 | പാലക്കാട് | നടപടി സ്വീകരിച്ചു വരുന്നു. |
| 10 | മലപ്പുറം | വീടുകളിൽ വെള്ളം കയറിയ 11 കുടുംബങ്ങൾക്ക് ധനസഹായം |

| | | |
|---|---|---|
| | | നൽകിയിട്ടുണ്ട് |
| 11 | കോഴിക്കോട് | 2026-27 സാമ്പത്തിക വർഷത്തിൽ ധനസഹായം നൽകിയിട്ടില്ല |
| 12 | വയനാട് | ആകെ 2,34,39,000/- രൂപയുടെ ധനസഹായം നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അനുവദിച്ചിട്ടുണ്ട്. |
| 13 | കണ്ണൂർ | Flood Relief പോർട്ടലിൽ (landrevenue.kerala.gov.in) മുഖേന 1) House Damage, 2) Waterlogging, 3) Affected Families എന്നീ Module കളിലൂടെ 154 വീടുകൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| 14 | കാസർഗോഡ് | 46 കുടുംബങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട് |

അനുബന്ധം – (സി)

| ക്രമ നം. | ജില്ല | വിശദാംശം |
|---|---|---|
| 1 | തിരുവനന്തപുരം | വീടുകൾക്ക് നാശനഷ്ടം സംഭവിച്ച 216 പേർക്കും കൃഷിക്ക് നാശനഷ്ടം സംഭവിച്ച 495 പേർക്കും ധനസഹായം നൽകാൻ അവശേഷിക്കുന്നു. 495 |
| 2 | കൊല്ലം | 2026 ൽ പ്രസ്തുത ലിസ്റ്റിൽപ്പെട്ട ആർക്കും നഷ്ടപരിഹാരം നൽകിയിട്ടില്ല. |
| 3 | പത്തനംതിട്ട | പ്രളയജലം കയറിയോ, മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ മൂലം മണ്ണ്, ചെളി, പാറ എന്നിവ വീടുകളിൽ കയറിയോ നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾ ക്ക് അടിയന്തര സഹായമായി 1670 കുടുംബങ്ങൾക്കും പ്രളയജലം കയറി നാശനഷ്ടം സംഭവിച്ച സൂക്ഷ്മ, ചെറുകിട, ഇടത്തരം വാണിജ്യ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും അംഗീകൃത ഹോംസ്റ്റേകൾക്കും അടിയന്തര സഹായമായി 352 സ്ഥാപനങ്ങൾക്കും പ്രളയജലം കയറി ദുരിതം ബാധിച്ച ഓരോ കുടുംബത്തിനും, ഒരു റേഷൻ കാർഡിന് (2 മുതിർന്ന വ്യക്തികൾക്ക്) പ്രതിദിനം 300/- (മുന്നൂറ് രൂപ മാത്രം) വീതം 7 ദിവസത്തേക്ക് അനുവദിക്കുന്ന കേസുകളിൽ 17,937 പേർക്കും വീടുകൾക്ക് നാശനഷ്ടം സംഭവിച്ചതുമൂലമുള്ള 120 പേർക്കുമാണ് ജില്ലയിൽ ധനസഹായം നൽകാൻ അവശേഷിക്കുന്നത്. ജില്ലയിൽ കാർഷീക മേഖലയിൽ എയിംസ് പോർട്ടൽ പ്രകാരം 1631 കർഷകർക്കും മൃഗസംരക്ഷണ മേഖലയിൽ 137 പേർക്കും ധനസഹായം നൽകാൻ അവശേഷിക്കുന്നുണ്ട്. |
| 4 | ആലപ്പുഴ | ഭവനനാശം - 663 പേരുടെ അപേക്ഷകളിൽ നടപടി സ്വീകരിച്ചു വരുന്നു<br>കൃഷിനാശം -1281 അപേക്ഷകളിൽനടപടി സ്വീകരിച്ചു വരുന്നു<br>പ്രളയജലം കയറി നാശം സംഭവിച്ച വീടുകൾ വൃത്തിയാക്കുന്നതിന് SDRF തുക 4476 പേർക്ക് വിതരണം ചെയ്യാൻ ബാക്കിയുണ്ട്.<br>CMDRF തുക 18118 പേർക്ക് വിതരണം ചെയ്യാൻ ബാക്കിയുണ്ട്.<br><u>പ്രളയജലംമൂലം ദുരിതമനുഭവിച്ച കുടുംബങ്ങളിലെ മുതിർന്ന രണ്ട് പേർക്ക് അർഹമായ തുക</u><br>24869 പേർക്ക് വിതരണം ചെയ്യാൻ ബാക്കിയുണ്ട്<br><u>പ്രളയജലത്തിൽ നാശനഷ്ടം ഉണ്ടായ വ്യാപാരസ്ഥാപനങ്ങൾ</u><br>1503 പേർക്ക് വിതരണം ചെയ്യാൻ ബാക്കിയുണ്ട് |
| 5 | കോട്ടയം | 41,086 കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിലേയ്ക്ക് തഹസിൽദാർമാർക്ക് തുക അനുവദിച്ച് നൽകിയിട്ടുണ്ട്. |
| 6 | ഇടുക്കി | 92 പേർക്ക് ധനസഹായം നൽകാൻ ബാക്കിയുണ്ട് |
| 7 | എറണാകുളം | ബാധകമല്ല |
| 8 | തൃശ്ശൂർ | തൃശ്ശൂർ ജില്ലയിൽ പ്രകൃതിക്ഷോഭം മൂലം നാശനഷ്ടം സംഭവിച്ച 313 വീടുകൾക്ക് ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2026 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഉണ്ടായ വെള്ളപ്പൊക്കത്തിന്റെ കെടുതികളിൽപെട്ട കുടുംബങ്ങൾക്ക് ആശ്വാസധനസഹായമായി സർക്കാർ പ്രഖ്യാപിച്ച 10000/- രൂപയിൽ SDRF വിഹിതം 5000/- രൂപ വീതം 483 വീടുകൾക്ക് അനുവദിച്ചു. |
| 9 | പാലക്കാട് | ഭവനനാശം: പൂർണ്ണ, ഭാഗിക ഭവനനാശത്തിന് ധനസഹായം അനുവദിക്കാനുള്ളവരുടെ ആകെ എണ്ണം - 407 (ഭാഗിക ഭവനനാശം - 311, പൂർണ്ണ ഭവനനാശം - 96)<br><br>വീടുകളിൽ വെള്ളം കയറിയതിന് ധനസഹായം |

| | | |
|---|---|---|
| | | നൽകാനുള്ളവരുടെ എണ്ണം – 1<br><br>കൃഷിനാശം: 2812 കർഷകർക്ക് നഷ്ടപരിഹാരം നൽകാനുണ്ട്. |
| 10 | മലപ്പുറം | കാലവർഷക്കെടുതിയിൽ ഉണ്ടായ പൂർണ്ണ, ഭാഗിക ഭവന നാശത്തിന് ധന സഹായം അനുവദിക്കാനുള്ളവരുടെ ആകെ എണ്ണം–353 (ഭാഗിക ഭവന നാശം–351 പൂർണ്ണ ഭവന നാശം–2)<br><br>വീട്ടുകളിൽ വെള്ളം കയറിയതിന് കുടുംബങ്ങൾക്ക് നഷ്ട പരിഹാരം നൽകാനുള്ളവരുടെ എണ്ണം–332<br><br>ജീവനോപാധി നഷ്ടപ്പെട്ട 7 പേർക്ക് ധനസഹായം നൽകാനുണ്ട്.<br><br>കൃഷി നാശം സംഭവിച്ചതിന് 675 കർഷകർക്ക് നഷ്ടപരിഹാരം നൽകാനുണ്ട്. |
| 11 | കോഴിക്കോട് | 2026–2027 സാമ്പത്തിക വർഷത്തിൽ ഹൗസ് ഡാമേജ് കേസുകളിൽ ആർക്കും ധനസഹായം നൽകിയിട്ടില്ല. |
| 12 | വയനാട് | 102 പേർക്ക് ധനസഹായം നൽകാൻ ബാക്കിയുണ്ട്. ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| 13 | കണ്ണൂർ | 616 വീടുകൾക്ക് ധനസഹായം നൽകാൻ ബാക്കിയുണ്ട് |
| 14 | കാസർഗോഡ് | നാശ നഷ്ടം സംഭവിച്ച വീടുകൾ–447,<br><br>പ്രളയജലം കയറിയോ, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ മൂലം മണ്ണ്, ചെളി എന്നിവ വീടുകളിൽ കയറി നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾ–1032 |